DEPARTMENT OF CATECHESIS
Archdiocese of Ernakulam-Angamaly
Renewal Centre, Kaloor, Kochi - 17, Ph: 0484 – 2346628; Mob: 9400343930
E-mail:catechismernakulam@gmail.com, Website: www.catechismernakulam.com

# രണ്ടാംവർഷ ഡിപ്ലോമ വിദ്യാർത്ഥികളുടെ വിശ്വാസപ്രഖ്യാപന ശുശ്രൂഷ

## ആമുഖം

(വിദ്യാർത്ഥികളെല്ലാം വിശുദ്ധ ബലിയിൽ സമർപ്പിക്കാനുള്ള കാഴ്ചവസ്തുക്കൾ കൈകളിലേന്തി മാതാപിതാക്കളോടൊപ്പം ദേവാലയത്തിലേക്ക് പ്രദക്ഷിണമായി വരുന്നു. കാർമ്മികൻ അൾത്താരയിലെത്തി ആചാരം ചെയ്തശേഷം താഴെവന്ന് കാഴ്ച വസ്തുക്കൾ സ്വീകരിക്കുന്നു.

ഈ സമയം ഗായകസംഘം 'വരുന്നു ഞാൻ പിതാവേ നിൻ തിരുവുള്ളം നിറവേറ്റാൻ' എന്ന പ്രവേശനഗാനം ആലപിക്കുന്നു. തുടർന്ന് ഹെഡ്മാസ്റ്റർ അല്ലെങ്കിൽ അദ്ധ്യാപകരിൽ ഒരാൾ വിശ്വാസപരിശീലനം പൂർത്തിയാക്കി ഇന്ന് വിശ്വാസപ്രഖ്യാപനം നടത്തുവാൻ പോകുന്ന കുട്ടികളുടെ പേര് വായിച്ചുകൊണ്ട് ഇവരെ സമൂഹത്തിനു പരിചയപ്പെടുത്തുകയും ദൈവജനത്തിന്റെ പ്രാർത്ഥനാ സഹായം അഭ്യർത്ഥിക്കുകയും ചെയ്യുന്നു. (ഇതേ തുടർന്ന് കാർമ്മികൻ വി. ബലി ആരംഭിക്കുന്നു.)

## പ്രാരംഭ പ്രാർത്ഥന

സർവ്വശക്തനും പിതാവുമായ ദൈവമേ, അങ്ങയുടെ ഏകജാതനായ യേശുക്രിസ്തുവിലൂടെ ഞങ്ങളെ രക്ഷിക്കുവാൻ തിരുമനസ്സായ അങ്ങയുടെ സ്നേഹത്തെ ഓർത്ത് ഞങ്ങൾ നന്ദി പറയുന്നു. ഈശോമിശിഹാ ഞങ്ങളെ പഠിപ്പിച്ച രക്ഷയുടെ മാർഗം അറിയുവാനും സ്വന്തമാക്കുവാനും സഭയിലെ വിശ്വാസപരിശീലന ശുശ്രൂഷയിലൂടെ ഇവരെ അനുഗ്രഹിച്ചതിനെ ഓർത്ത് ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. സഭയിൽ നിന്ന് ഇവർ സ്വന്തമാക്കിയ വിശ്വാസത്തിനനുസരിച്ച് ജീവിച്ചുകൊണ്ട് അങ്ങേക്ക് സജീവ സാക്ഷികളായി ജീവിക്കുവാനും ആ വിശ്വാസം മററുള്ളവർക്ക് വിശ്വസ്തതയോടെ പകർന്നു കൊടുക്കുവാനും ഞങ്ങളെസഹായിക്കണമേ. സ്നേഹമെന്ന ദൈവിക പുണ്യത്തിൽ വളരുവാനും ഈശോയെപോലെ എല്ലവരേയും സ്നേഹിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമെ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും. ആമ്മേൻ.

വി.ഗ്രന്ഥ വായനകൾ

| | | |
|---|---|---|
| പഴയ നിയമം | : | നിയമാവർത്തനം 6: 6–9 |
| ലേഖനം | : | എഫേ. 6:10–20 |
| സുവിശേഷം | : | മർക്കോ. 16:14–20 |

പ്രസംഗം

## വിശ്വാസ പ്രഖ്യാപനം

വിജ്ഞാപനം: സഭയിൽ വിശ്വാസ പരിശീലനത്തിന്റെ ഒരു ഘട്ടം പൂർത്തിയാക്കിയവരാണ് ഇന്ന് വിശ്വാസപ്രഖ്യാപനം നടത്തുന്ന ഈ സഹോദരീസഹോദരന്മാർ. എന്നാൽ ഈ വിശ്വാസത്തിനനുസരിച്ച് ജീവിക്കുവാൻ ഇവർക്ക് കഴിയണമെങ്കിൽ ഇവർക്ക് പരിശുദ്ധാത്മാവിന്റെ ശക്തി ആവശ്യമാണ്. അതിനാൽ ദൈവാത്മാവിന്റെ ശക്തി ഇവർക്ക് ലഭിക്കുവാൻവേണ്ടി ദൈവജനമായ നമുക്കൊരുമിച്ച് പരിശുദ്ധാരൂപിയോട് ഇവർക്കു വേണ്ടി പ്രാർത്ഥിക്കാം.

സമൂഹം: പരിശുദ്ധാത്മാവിനോടുള്ള ഒരു ഗാനം ആലപിക്കുന്നു. ഗാനാലാപനത്തിനു ശേഷം കാർമ്മികൻ ചൊല്ലിക്കൊടുക്കുന്ന പ്രതജ്ഞ വലതുകരം അൾത്താരയിലേക്ക് നീട്ടിപ്പിടിച്ചുകൊണ്ട് വിദ്യാർത്ഥികൾ ഏററുചൊല്ലുന്നു.

## പ്രതിജ്ഞ

സർവ്വശക്തനും പിതാവുമായ ദൈവമേ, / അങ്ങയിലും / അങ്ങയുടെ ഏകജാതനായ യേശുക്രിസ്തുവിലും, / ജീവദാതാവായ പരിശുദ്ധാത്മാവിലുമുള്ള വിശ്വാസം / ഞങ്ങൾ ഏററുപറയുന്നു. അങ്ങയുടെ പ്രിയപുത്രനായ യേശുക്രിസ്തുവിനെ/ ഞങ്ങളുടെ ജീവിതത്തിന്റെ / രക്ഷകനും, നാഥനുമായി / ഞങ്ങൾ സ്വീകരിച്ച് ഏറ്റുപറയുന്നു. യേശുവിന്റെ പ്രബോധനങ്ങൾക്കനുസരിച്ച് / ജീവിച്ചുകൊള്ളാമെന്ന് / ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു യേശുവന്റെ സഭയിൽ അംഗമായിരിക്കുന്നതിൽ / ഞങ്ങൾ അഭിമാനം കൊള്ളുന്നു. സഭ ഞങ്ങൾക്കു പകർന്നു തന്ന സത്യവിശ്വാസം / നഷ്ടമാക്കാതെ സൂക്ഷിച്ചുകൊള്ളാമെന്ന് / ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. സഭയോടൊന്നുചേർന്ന് /ലോകത്തിൽ അങ്ങേക്കു സാക്ഷികളായി ജീവിക്കുവാൻ / ഞങ്ങൾ ആഗ്രഹിക്കുന്നു. /ഞങ്ങളുടെ വാക്കുകളും / പ്രവൃത്തികളും വഴി / അങ്ങേക്കു സാക്ഷികളായി ജീവിച്ചുകൊള്ളാമെന്ന് / ഞങ്ങൾ വാഗ്ദാനംചെയ്യുന്നു. ഞങ്ങളുടെ മാതാപിതാക്കന്മാരെയും /ഗുരുഭൂതരെയും/ അധികാരികളെയും / ഞങ്ങൾ ആദരിച്ചുകൊള്ളാമെന്നും, / വേദനിക്കുന്ന സഹോദരീ സഹോദരങ്ങളെ / ഞങ്ങളുടെ കഴിവിനൊത്ത് / സഹായിച്ചുകൊള്ളാമെന്നും / ഞങ്ങൾ വാഗ്ദാനംചെയ്യുന്നു. നാനാജാതി മതസ്ഥരായ എല്ലാവരും / ഏക ദൈവത്തിന്റെ മക്കളാണെന്ന വിശ്വാസത്തോടെ എല്ലാവരുമായി / സാഹോദര്യത്തിലും സൗഹൃദത്തിലും / ജീവിച്ചുകൊള്ളാമെന്ന് / ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. അങ്ങയുടെ വഴികളിൽ നിന്ന് / അകന്നുപോകുവാൻ / അങ്ങു ഞങ്ങളെ അനുവദിക്കരുതേ.ലോകത്തിലാണെങ്കിലും / ലോകത്തിന്റേതാകാതെ ജീവിക്കുവാനും, / ജീവിതത്തിലുണ്ടാകുന്ന പ്രലോഭനങ്ങളെ/ വചനത്തിന്റെ ശക്തിയാൽ നേരിടുവാനും / അങ്ങ് ഞങ്ങളെ ശക്തരാക്കണമേ. ഞങ്ങളുടെ ഈ പ്രതിജ്ഞകളും/ പ്രാർത്ഥനകളും / അങ്ങയുടെ പ്രിയപുത്രനും / ഞങ്ങളുടെ കർത്താവുമായ / ഈശോമിശിഹാ വഴി / പിതാവായ ദൈവമേ / അങ്ങേക്ക് ഞങ്ങൾ സമർപ്പിക്കുന്നു. ആമ്മേൻ.

### തിരി കത്തിച്ചുകൊടുക്കൽ

വിജ്ഞാപനം: ഒരു ക്രിസ്തുശിഷ്യന്റെ ജീവിതം ലോകത്തിനു പ്രകാശമേകാനുള്ള ഒന്നാണ്. ഓരോ ക്രൈസ്തവനും മററുള്ളവർക്ക് വഴിയും വഴികാട്ടിയുമാകണം. ഈ സന്ദേശമാണ് വിശ്വാസപ്രഖ്യാപനം നടത്തിയ ഈ വിദ്യാർത്ഥിനീ-വിദ്യാർത്ഥികൾക്ക് തിരി കത്തിച്ചുകൊടുത്തുകൊണ്ട് വൈദികൻ നിർവ്വഹിക്കുന്നത്.

കാർമ്മി: 'ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല' എന്നരുൾചെയ്ത കർത്താവ് നിങ്ങളുടെ ജീവിതത്തിൽ പ്രകാശവും ജീവനുമായിരിക്കട്ടെ. ആമ്മേൻ.

## വി. ഗ്രന്ഥം നൽകൽ

വിജ്ഞാപനം: ഓരോ ക്രൈസ്തവനും ദൈവവചനമനുസരിച്ച് ജീവിക്കാൻ വിളിക്കപ്പെട്ടവനും ദൈവവചനം പ്രഘോഷിക്കാൻ അയയ്ക്കപ്പെട്ടവനുമാണ്. ഈ ലക്ഷ്യം വ്യക്തമാക്കിക്കൊണ്ട് വിശ്വാസ പരിശീലനം പൂർത്തിയാക്കി വിശ്വാസ പ്രഖ്യാപനം നടത്തിയ ഈ സഹോദരീസഹോദരന്മാർക്ക് ഇപ്പോൾ കാർമ്മികൻ വി.ഗ്രന്ഥം (പുതിയ നിയമഗ്രന്ഥം) നൽകുന്നു.

കാർമ്മി: ലോകരക്ഷകനായ മിശിഹായുടെ സുവിശേഷം നിങ്ങളുടെ ജീവിതത്തിന് എപ്പോഴും വഴികാട്ടിയായിരിക്കട്ടെ. മിശിഹായുടെ സുവിശേഷത്തിന് സാക്ഷികളായി ജീവിക്കാൻ ദൈവം നിങ്ങളെ ശക്തരാക്കുകയും ചെയ്യട്ടെ. ആമ്മേൻ.

## കുരിശുരൂപം നൽകൽ

വിജ്ഞാപനം: ഓരോ ക്രൈസ്തവനും ക്രിസ്തുവിനു സാക്ഷ്യം നൽകാൻ വിളിക്കപ്പെട്ടവനാണ്. പ്രത്യേകിച്ച് വിശ്വാസപരിശീലനം പൂർത്തിയാക്കിയ ഇവർ ബോധപൂർവ്വം യേശുവിനു സാക്ഷികളാകണം. തങ്ങൾ യേശുവിന്റെ ശിഷ്യരാണെന്നും സഭയിലെ അംഗങ്ങളാണെന്നും ഏററുപറയുന്നതിന്റെ പ്രതീകമായി തങ്ങളുടെ കഴുത്തിൽ അഭിമാനത്തോടെ ധരിക്കാനുള്ള കുരിശുരൂപം ഇപ്പോൾ കാർമ്മികൻ ഇവർക്കു നൽകുന്നു.

കാർമ്മി: ഈ ലോകത്തിൽ, തന്നെ ഏററുപറയുന്നവനെ സ്വർഗീയ പിതാവിന്റെ മുമ്പിൽ ഞാനും ഏററുപറയും എന്നു പറഞ്ഞ മിശിഹാ, ഈ കുരിശുരൂപം ധരിച്ചു കൊണ്ട് അഭിമാനത്തോടെ ജീവിക്കുവാൻ നിങ്ങളെ അനുഗ്രഹിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യട്ടെ. നിങ്ങൾ ധരിക്കുന്ന ഈ കുരിശ് നിങ്ങളുടെ ജീവിതയാത്രയിൽ എന്നും നിങ്ങൾക്ക് ശക്തികേന്ദ്രവും സംരക്ഷണയുടെ കവചവുമായിരിക്കട്ടെ. ഇപ്പോഴും, എപ്പോഴും എന്നേക്കും. ആമ്മേൻ.

(തുടർന്ന് കാഴ്ചവയ്പ് ഗീതത്തോടെ കുർബ്ബാന തുടരുന്നു)

**സമൂഹ പ്രാർത്ഥന**

ശുശ്രൂ: നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടെ നിന്ന് നമ്മുടെ രക്ഷകനും നാഥനുമായ യേശുവിനെ ധ്യാനിച്ചുകൊണ്ട് കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്ന് അപേക്ഷിക്കാം.

സമൂ : കർത്താവേ......

ശുശ്രൂ: നീ നിത്യജീവൻ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ കല്പനകൾ പാലിക്കുക എന്നു പറഞ്ഞുകൊണ്ട് സ്വർഗീയ ജീവിതത്തിലേക്കുള്ള വഴി ഞങ്ങളെ പഠിപ്പിക്കുകയും അവ അനുസരിച്ച് ജീവിക്കുവാൻ ഞങ്ങളെ ഉപദേശിക്കുകയും ചെയ്ത കർത്താവേ, അങ്ങയുടെ വചനം കൂടുതലായി അറിഞ്ഞുകൊണ്ട് അവ അനുസരിച്ചു ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ......

ശുശ്രൂ: നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ എന്നു കല്പിച്ചുകൊണ്ട് ശിഷ്യന്മാരെ ലോകത്തിന്റെ അതിർത്തികളിലേക്കയച്ച കർത്താവേ, ലോകമെങ്ങും സുവിശേഷത്തിനു സാക്ഷ്യം വഹിച്ചുകൊണ്ട് ജീവിക്കുവാനും അങ്ങയുടെ സുവിശേഷം എല്ലാവരെയും അറിയിക്കുവാനും ഞങ്ങളെ സഹായിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ......

ശുശ്രൂ: ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിച്ച് ജീവിക്കുവാൻ അവരെ നിങ്ങൾ പഠിപ്പിക്കുവിൻ എന്നരുളിചെയ്തുകൊണ്ട് വിശ്വാസ പരിപോഷണ ദൗത്യം സഭയെ ഭരമേൽപിച്ച കർത്താവേ, വിശ്വസ്തതയോടും വിശുദ്ധിയോടും കൂടി ഈ ശുശ്രൂഷയിൽ പങ്കുചേരാനും, വിശ്വാസാധിഷ്ഠിത ജീവിതത്തിലേക്ക് സഭാമക്കളെ ആനയിക്കുവാനും ഞങ്ങളെ ശക്തരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ : കർത്താവേ......

ശുശ്രൂ: വിശ്വസപരിശീലന ശുശ്രൂഷയിൽ പങ്കുചേർന്നിരിക്കുന്ന അദ്ധ്യാപകരെയും അവർക്ക് നേതൃത്വവും പ്രചോദനവും നൽകുന്ന പരിശുദ്ധ പിതാവിനെയും മെത്രാന്മാരെയും ബഹു.വികാരിയച്ചന്മാരെയും സമൃദ്ധമായി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ : കർത്താവേ......

ശുശ്രൂ: ഇന്ന് വിശ്വാസപ്രഖ്യാപനം നടത്തുന്ന എല്ലാവർക്കും തങ്ങൾ സ്വന്തമാക്കിയ വിശ്വാസത്തിനനുസരിച്ച് ജീവിക്കുവാനും ആ വിശ്വാസം തങ്ങളുടെ വാക്കുകളും പ്രവൃത്തികളും വഴി മററുള്ളവർക്ക് പകർന്നു കൊടുക്കുവാനും ആവശ്യമായ ആത്മധൈര്യവും ശക്തിയും നൽകി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ : കർത്താവേ.....

കാർമ്മി: സർവ്വശക്തനും പിതാവുമായ ദൈവമേ, അങ്ങയുടെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ അങ്ങയുടെ ഏകജാതന് സാക്ഷികളായി ജീവിക്കുവാൻ ശിക്ഷ്യന്മാരെ ശക്തിപ്പെടുത്തിയതുപോലെ അങ്ങയുടെ ഈ ദാസരെയും അങ്ങ് ശക്തിപ്പെടുത്തണമേ, വിശ്വാസത്തിനുവേണ്ടി ത്യാഗം സഹിക്കുവാനും, തിന്മയ്ക്കെതിരേ പോരാടുവാനും വേണ്ട ആത്മധൈര്യവും ശക്തിയും അങ്ങ് ഇവർക്കു നൽകണമേ. അങ്ങയുടെ സഭയിൽ നിന്ന് ഇവർ സ്വന്തമാക്കിയ വിശ്വാസ ചൈതന്യം പരിരക്ഷിച്ചുകൊണ്ട് ജീവിക്കുവാനും അത് വരുംതലമുറയ്ക്ക് വിശ്വസ്തതയോടും താൽപര്യത്തോടും കൂടി പകർന്ന് കൊടുക്കുവാനും ഇവരെ അങ്ങ് ശക്തരാക്കണമേ. കാൽവരിയിൽ അർപ്പിച്ച അങ്ങയുടെ തിരുക്കുമാരന്റെ ബലിയുടെ യോഗ്യതയാൽ എല്ലാ തിന്മയിൽ നിന്നും ഞങ്ങളെ രക്ഷിക്കുകയും അങ്ങയുടെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ നിറയ്ക്കുകയും ചെയ്യണമേ. സകലത്തിന്റെയും നാഥാ, എന്നേക്കും. ആമ്മേൻ